"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്-പ്ലാനിംഗ്- ജീവനക്കാര്യം -ശ്രീമതി മിറ്റ്സി തോമസ്, ടൗൺ പ്ലാനർക്ക് ചാർജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.2474/2025/LSGD    തീയതി,തിരുവനന്തപുരം, 10-10-2025

---

പരാമർശം:-

1 സ.ഉ(പി) നം. 88/2017/ഫിൻ തീയതി 11.07.2017

2 പ്രിൻസിപ്പൽ ഡയറക്ടറുടെ 21.06.2023 തീയതിയിലെ LSGD/PD/34869/2023-DEA5 നമ്പർ നടപടിക്രമം

3. സ.ഉ(സാധാ)നം. 1989/2023/തസ്വഭവ തീയതി 10.10.2023

4. പ്രിൻസിപ്പൽ ഡയറക്ടറുടെ 04.02.2025 തീയതിയിലെ LSGD/PD/524/2025-DEH4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലാ കാര്യാലയത്തിലെ ടൗൺ പ്ലാനറായ ശ്രീമതി. മിറ്റ്സി തോമസിന് പരാമർശം (2) പ്രകാരം സീനിയർ ടൗൺ പ്ലാനറുടെ പൂർണ്ണ അധിക ചുമതല അനുവദിച്ച് ഉത്തരവായിരുന്നു. പ്രസ്തുത നടപടി സാധൂകരിച്ച് പരാമർശം (3) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീമതി. മിറ്റ്സി തോമസ് തന്റെ റഗുലർ തസ്തികയുടെ ചുമതലകൾക്ക് പുറമേ, പൂർണ്ണ അധിക ചുമതല വഹിച്ച തസ്തികകളുടെ സാമ്പത്തികവും ഭരണപരവും നിയമപരവുമായ എല്ലാ ചുമതലകളും ടി കാലയളവിൽ തൃപ്തികരമായി നിർവ്വഹിച്ചിട്ടുണ്ടെന്നും ആയതിനാൽ ടിയാൾക്ക് ചാർജ് അലവൻസ് അനുവദിക്കണമെന്നും അഭ്യർത്ഥിച്ചു കൊണ്ട് പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു . സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.

കെ.എസ്.ആർ.ഭാഗം I ചട്ടം 53(സി) പ്രകാരം വിശേഷാൽ ബത്ത പരമാവധി മൂന്ന് മാസത്തേയ്ക്ക് മാത്രമേ അനുവദിക്കാൻ വ്യവസ്ഥയുള്ളൂ എന്നതിനാൽ കെ.എസ്. ആർ പാർട്ട് I

റൂൾ 53 (b)(2) ( GO(P) No. 88/2017/Fin തീയതി 11.07.2017 ഭേദഗതി), 53A II (C), 53(C) എന്നിവ പ്രകാരം ശ്രീമതി മിറ്റ്സി തോമസ് ചുമതല വഹിച്ച അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ 21.06.2023 മുതൽ പരാമാവധി 3 മാസക്കാലയളവിലേയ്ക്ക് പരിമിതപ്പെടുത്തി ചാർജ് അലവൻസ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUMI SANDIPIKA G MASTERLEY

അണ്ടർ സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

2.ചീഫ് ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

3.ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ

4.ശ്രീമതി. മിറ്റ്സി തോമസ്, ടൗൺ പ്ലാനർ,ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, തൃശ്ശൂർ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), തിരുവനന്തപുരം

6.വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി

7.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

8.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 10-10-2025 16:48:22